പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 4624

23.07. 2015 ൽ മറുപടിക്ക്

വൈദ്യുതി ബോർഡിലെ ജീവനക്കാർ, ശമ്പളം, അപകടങ്ങൾ, സഹായം

ചോദ്യം

ശ്രീമതി.കെ.എസ്. സലീഖ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്

(ഊർജ്ജ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) സംസ്ഥാന വൈദ്യുതി ബോർഡിൻ കീഴിൽ എത്ര സ്ഥിരം/ താൽക്കാലിക/കരാർ/ മറ്റുവിഭാഗം ജീവനക്കാരുണ്ടെന്നും ഇവരിൽ ഓരോ വിഭാഗത്തിനുമായി ശമ്പളമുൾപ്പെടെ വിവിധ യിനങ്ങളിൽ ഓരോ മാസവും (2015 ജനുവരി മുതൽ ജൂൺ വരെ) ചെലവായ തുക എത്രയെന്നും, കോൺട്രാക്ട് വർക്കുകൾക്കായി നിയോഗിക്കപ്പെട്ട തൊഴിലാളികൾ എത്രയെന്നും ഇവർക്ക് പ്രസ്തുത തൊഴിൽ ചെയ്യുന്നതിനായി എന്തെങ്കിലും ഐഡന്റിറ്റി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ? | (എ) 32997 സ്ഥിരം ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. ചെറുകിട കരാറുകാരും അവരുടെ തൊഴിലാളികളുമായി ഏകദേശം 2000-ത്തോളം പേർ ഓരോ വർഷവും ബോർഡിന്റെ കീഴിലെ വിവിധ ഓഫീസുകളിൽ പ്രവർത്തിച്ചു വരുന്നതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. ഇവർക്ക് പ്രസ്തുത തൊഴിൽ ചെയ്യുന്നതിനായി ബന്ധപ്പെട്ട ഓഫീസിൽ നിന്നും ടിയർ ഓഫ് സ്ലിപ്പ്/പ്രൊവിഷണൽ വർക്ക് ഓർഡർ/ എംപ്ലോയ്മെന്റ് സ്ലിപ്പ് എന്നിവ നൽകി വരുന്നുണ്ട്.<br>2013-14 സാമ്പത്തികവർഷത്തെ താത്കാലിക കണക്കുപ്രകാരം സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ കീഴിലുള്ള സ്ഥിരം ജീവനക്കാർക്ക് ശമ്പളമുൾപ്പെടെ വിവിധ ഇനങ്ങളിൽ ഏകദേശം 1672.30 കോടി രൂപയും താത്കാലിക ജീവനക്കാർക്ക് ഏകദേശം 49.32 കോടി രൂപയും ചെലവായിട്ടുണ്ട്.<br>2015 ജനുവരി മുതൽ ജൂൺ വരെയുള്ള കണക്കെടുപ്പ് പൂർത്തിയായിട്ടില്ല. |
| (ബി) ഇവരിൽ 2011 മുതൽ 2015 വരെയുള്ള കാലയളവിൽ കൃത്യനിർവ്വഹണത്തിനിടെ അപകടമരണം/മറ്റു ശാരീരിക അസ്വസ്ഥതയുണ്ടായവർ എത്രയെന്ന് വർഷം തിരിച്ചും | (ബി) 2011 മുതൽ 2015 വരെയുള്ള കാലയളവിൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കീഴിൽ കൃത്യനിർവ്വഹണത്തിനിടയിൽ അപകടമരണം/മറ്റ് ശാരീരിക അസ്വസ്ഥതയുണ്ടായവരുടെയും അവരിൽ |

അവരിൽ മൃതപ്രായരായി സർക്കാർ സഹായമഭ്യർത്ഥിച്ച് ജീവിക്കുന്നവർ എത്ര എന്ന് ഇനം തിരിച്ചും വിശദാംശം ലഭ്യമാക്കുമോ ?

ഗുരുതരമായി പരിക്കേറ്റവരുടെയും എണ്ണം ചുവടെ ചേർക്കുന്നു.

| അപകടമരണം സംഭവിച്ചവരും മാരകമല്ലാത്ത അപകടം സംഭവിച്ചതുമൂലം ശാരീരിക അസ്വസ്ഥത ഉണ്ടായിട്ടുള്ളവരും | | | | |
|---|---|---|---|---|
| | ബോർഡ് ജീവനക്കാർ | | കരാർ തൊഴിലാളികൾ | |
| വർഷം | മാരകം | മാരകമല്ലാത്ത | മാരകം | മാരകമല്ലാത്ത |
| 2011 | 23 | 136 | 17 | 52 |
| 2012 | 19 | 133 | 10 | 51 |
| 2013 | 08 | 87 | 14 | 33 |
| 2014 | 13 | 74 | 16 | 21 |
| 2015 | 10 | 26 | 08 | 04 |

ഇവരിൽ ഗുരുതരമായി പരിക്കേറ്റവർ

| വർഷം | ബോർഡ് ജീവനക്കാർ | കരാർ തൊഴിലാളികൾ |
|---|---|---|
| 2011 | 1 | 0 |
| 2012 | 4 | 0 |
| 2013 | 1 | 2 |
| 2014 | 1 | 0 |
| 2015 | 0 | 0 |

(സി) ഇതിൽ അപകട മരണം സംഭവിച്ചവരുടെ ആശ്രിതർ/ ശാരീരിക അസ്വസ്ഥതകൾ നേരിട്ടു-ന്നവർ/ മറ്റു തൊഴിൽ ചെയ്യാനാകാതെ മൃതപ്രായ-രായി കഴിയുന്നവർ എന്നിവർക്ക് ഓരോ വർഷവും നൽകിയ സഹായം എത്ര; അപകടം വ്യക്തമാക്കി വിശദാംശം ലഭ്യമാക്കുമോ ;

(സി) അപകടമരണം സംഭവിച്ചവരുടെയും മാരകമല്ലാത്ത അപകടം സംഭവിച്ചതുമൂലം ശാരീരിക അസ്വസ്ഥത നേരിടുന്നവർക്കും ഓരോ വർഷവും നൽകിയ നഷ്ടപരിഹാര തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ബോർഡ് ജീവനക്കാർ | | കരാർ ജീവനക്കാർ | |
|---|---|---|---|---|
| വർഷം | മരണപ്പെട്ടവരുടെ ആശ്രിതർക്ക് അനുവദിച്ചിട്ടുള്ള ധനസഹായം | മാരകമല്ലാത്ത അപകടം സംഭവിച്ചവർക്ക് അനുവദിച്ചിട്ടുള്ള ധനസഹായം | മരണപ്പെട്ടവരുടെ ആശ്രിതർക്ക് അനുവദിച്ചിട്ടുള്ള ധനസഹായം | മാരകമല്ലാത്ത അപകടം സംഭവിച്ചവർക്ക് അനുവദിച്ചിട്ടുള്ള ധനസഹായം |
| 2011 | 1,66,05,273 | 38,69,224 | 1,06,54,584 | 13,99,101 |
| 2012 | 1,21,67,680 | 94,75,327 | 55,73,522 | 5,68,028 |
| 2013 | 48,87,080 | 58,29,905 | 80,09,663 | 18,28,864 |
| 2014 | 87,79,720 | 98,90,975 | 1,06,77,840 | 8,43,240 |
| 2015 | 12,72,560 | 37,907 | 7,52,600 | - |

ഇവരിൽ ഗുരുതരമായി പരിക്കേറ്റവർക്ക് അനുവദിച്ചിട്ടുള്ള നഷ്ടപരിഹാരം

| വർഷം | ബോർഡ് ജീവനക്കാർ | കരാർ തൊഴിലാളികൾ |
|---|---|---|
| 2011 | 6,50,650 | - |
| 2012 | 35,02,275 | - |
| 2013 | 6,38,554 | 13,08,475 |

| | | |
|---|---|---|
| 2014 | 5,58,734 | - |
| 2015 | - | - |

ജോലിക്കിടെ അപകടമരണം സംഭവിച്ചിട്ടുള്ള ബോർഡു ജീവനക്കാരുടെ ആശ്രിതർക്ക് മേൽ സൂചിപ്പിച്ച ധനസഹായത്തിനുപരിയായി കേരള സർക്കാർ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 10 ലക്ഷം രൂപ സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിൽ നിന്നും ഇൻഷ്വറൻസ് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി ലഭിക്കുന്നതിന് അർഹതയുണ്ട്. കൂടാതെ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തൊഴിലാളി ക്ഷേമനിധിയിൽ നിന്നും മരണാനന്തര ആനുകൂല്യമായി 5 ലക്ഷം രൂപ ലഭിക്കുന്നതിനും അർഹതയുണ്ട്.

മേൽ സൂചിപ്പിച്ച അപകടങ്ങൾ സംബന്ധിച്ച് ലഭ്യമായിട്ടുള്ള റിപ്പോർട്ടുകൾ പ്രകാരം അപകടം സംഭവിക്കുന്നതിന് കാരണമായിട്ടുള്ള സാഹചര്യങ്ങൾ ചുവടെ ചേർക്കുന്നു.

(1) അനധികൃതമായി വൈദ്യുതി ലൈനിൽ ബോർഡിന്റെ അറിവും സമ്മതവും കൂടാതെ ജോലി ചെയ്യുന്നത്.

(2) സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കാതെയും അപായ സാധ്യതകൾ മുൻകൂട്ടി കാണാതെയും ജോലി ചെയ്യുന്നത്.

(3) ലൈനുകളിൽ ജോലി ചെയ്യേണ്ടി വരുമ്പോൾ വൈദ്യുത പ്രവാഹം താൽക്കാലികമായി നിറുത്തുന്നതിലേയ്ക്കായി വൈദ്യുതി വിച്ഛേദിച്ച് വൈദ്യുത വാഹികൾ ഷോർട്ടുചെയ്ത് ഉചിതമായ രീതിയിൽ ലൈനുകളുടെ ഭൂസമ്പർക്കം (എർത്തിംഗ്) ചെയ്യാതെ പണിയിൽ ഏർപ്പെടുന്നത്.

(4) പ്രതികൂല കാലാവസ്ഥയിൽ വൈദ്യുത പ്രവാഹമുള്ള ലൈനുകളിൽ സുരക്ഷാ ക്രമീകരണങ്ങളില്ലാതെ ജോലി ചെയ്യുന്നത്.

(5) ജനറേറ്ററുകൾ, മറ്റു ലൈനുകൾ, ട്രാൻസ്ഫോർമർ എന്നിവയിൽ നിന്നും സുരക്ഷാ ക്രമീകരണങ്ങൾ പാലിക്കാത്തതിനാൽ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ലൈനുകളിലേക്ക് വൈദ്യുതി പ്രവഹിച്ചുണ്ടാകുന്ന അപകടങ്ങൾ

(6) പോസ്റ്റുകൾ, ഏണി എന്നിവയിൽ നിന്നും ശ്രദ്ധക്കുറവുമൂലം കാൽ തെന്നിവീണുണ്ടാകുന്ന അപകടങ്ങൾ.

പ്രതികൂല കാലാവസ്ഥയിൽ പണിയെടുക്കുമ്പോഴും ജോലിയുടെ കാഠിന്യംമൂലവും സംഭവിക്കുന്ന ശാരീരിക അവശതകൾ/ഹൃദയാഘാതം മുതലായവ കാരണം സംഭവിക്കുന്ന അപകടങ്ങൾ.

2011 മുതൽ 2015 വരെ കൃത്യ നിർവ്വഹണത്തിനിടെ മരണപ്പെട്ടവരുടെ

| | |
|---|---|
| | ആശ്രിതരിൽ, യോഗ്യരായ 31 പേർക്ക് ആശ്രിത നിയമനം നൽകിയിട്ടുണ്ട്. |
| (ഡി) പ്രസ്തുത കാലയളവിൽ വൈദ്യുതി ലൈൻ പൊട്ടി വീണതു മൂലവും, ലൈനുകൾക്കിടയിൽ ചെന്നു പെട്ടതുമൂലവും അപകടവും മരണവും സംഭവിച്ച മനുഷ്യർ, കന്നുകാലികൾ, വന്യമൃഗങ്ങൾ എത്രയെന്ന് വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ; | (ഡി) പൊട്ടിവീണ വൈദ്യുതി കമ്പിയിൽ നിന്നും ശ്രദ്ധക്കുറവുമൂലം യാദൃശ്ചികമായി വൈദ്യുതി ലൈനുമായി സമ്പർക്കത്തിലായതുമൂലം പൊതുജനങ്ങൾ, കന്നുകാലികൾ, വന്യമൃഗങ്ങൾ എന്നിവയ്ക്കുണ്ടായതായി വൈദ്യുതി ബോർഡിൽ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ള 2011 മുതൽ നാളിതുവരെ സംഭവിച്ച അപകടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| വർഷം | പൊതുജനം | കന്നുകാലികൾ | വന്യമൃഗങ്ങൾ |
|---|---|---|---|
| 2011 | മാരകം-84<br>മാരകമല്ലാത്ത-30 | 38 | - |
| 2012 | മാരകം-58<br>മാരകമല്ലാത്ത-46 | 32 | - |
| 2013 | മാരകം-65<br>മാരകമല്ലാത്ത-48 | 31 | 1 |
| 2014 | മാരകം-75<br>മാരകമല്ലാത്ത-67 | 34 | - |
| 2015 | മാരകം-34<br>മാരകമല്ലാത്ത-21 | 15 | - |

| | |
|---|---|
| (ഇ) ഇവയിൽ വൈദ്യുതി ബോർഡ് ജീവനക്കാരുടെ അനാസ്ഥ മൂലമുള്ള സംഭവങ്ങൾ എത്ര; അപകടം അറിഞ്ഞിട്ടും സഹായത്തിനായി എത്താതെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയ സംഭവങ്ങൾ എത്ര; മരണപ്പെട്ടവരുടെ ആശ്രിതർ/ ദുരിതജീവിതം അനുഭവിക്കുന്നവർ എന്നിവരിൽ എത്ര പേർക്ക് ഈ കാലയളവിൽ സഹായം ലഭ്യമാക്കിയെന്നും വ്യക്തമാക്കുമോ? | (ഇ) മേൽ സൂചിപ്പിച്ച അപകടങ്ങളിൽ ചുരുക്കം ചിലത് വൈദ്യുതി ബോർഡ് ജീവനക്കാരുടെ അനാസ്ഥമൂലം സംഭവിച്ചിട്ടുള്ളതും, അപകടം അറിഞ്ഞിട്ടും സഹായത്തിനായി എത്താതെ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയതു മുഖാന്തിരമായും സംഭവിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങളിൽ കുറ്റാരോപിതരായ ജീവനക്കാർക്കെതിരായി കൃത്യ വിലോപം സംഭവിച്ചിട്ടുണ്ടോയെന്നു പരിശോധിക്കുന്നതിലേക്കായി അന്വേഷണം നടത്തുകയും കുറ്റം തെളിയിക്കപ്പെടുന്ന സാഹചര്യങ്ങളിൽ ഇൻക്രിമെന്റ് തടയുക/ശാസന നൽകുക/സസ്പെൻഷൻ നടപടി സ്വീകരിക്കുക. മുതലായ ശിക്ഷണ നടപടികൾ കൈക്കൊള്ളുകയും ചെയ്തുവരുന്നു. മരണപ്പെട്ട 154 പേരുടെ അനന്തരാവകാശികൾക്കും പരിക്കേറ്റിട്ടുള്ള 10 പേർക്കും ആശ്വാസ ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. മാരകമല്ലാത്ത അപകടം സംഭവിച്ചതിൽ കൂടുതലും നിസ്സാരപരിക്കുകൾ പറ്റിയിട്ടുള്ളവരാണ്. |

സെക്ഷൻ ഓഫീസർ